തൃശ്ശൂർ ഫ ൦ ശതമാനം

തിരുവനന്തപുരം സംയോജനത്തിനു മുൻപു വാങ്ങിയിരുന്നതിനെ ആസ്പദമാക്കി പതിനഞ്ചോ, പത്തോ ശതമാനം.

(ബി) ഉണ്ടു്.

(സി) ഇല്ല.

(ഡി) ഒരിക്കൽ ഗ്രാമപ്രദേശത്തേക്കു മാറ്റിയിട്ടു പിന്നേയും തിരിയെ നഗരത്തിലേക്കു മാറ്റുമ്പോൾ, പ്രസ്തുത ഉദ്യോഗസ്ഥന്മാരെ ഫ— ഴ—ൻസ്ൽ നഗരബത്ത വാങ്ങിയിരുന്ന ഉദ്യോഗസ്ഥന്മാരായിട്ടുമാത്രമേ പരിഗണിക്കുവാൻ പാടുള്ളൂ. കൂടാതെ നഗരബത്ത ഇപ്പോൾ കൊടുത്തുവരുന്നതു്, ശമ്പളക്രമീകരണം നടപ്പിൽവരുന്നതുവരെയുള്ള ഒരു താൽക്കാലിക പദ്ധതിമാത്രമായിട്ടാണു്.

പാവ്വത്യകാരന്മാർ

*൯൯. ൦. (൪൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മുന്നുകൊല്ലങ്ങളിൽ കൂടുതൽ ഒരേ സ്ഥലത്തു തുടർച്ചയായി ജോലിചെയ്യുന്ന എത്ര പാവ്വത്യകാരന്മാർ ഈ സംസ്ഥാനത്തുണ്ടെന്നു പറയുമോ;

(ബി) മുന്നുകൊല്ലങ്ങളിൽ കൂടുതൽ ഒരേ സ്ഥലത്തു് ഈ ജീവനക്കാരെ ജോലിചെയ്യുന്നതിനനുവദിക്കുന്നതു പല അഴിമതികൾക്കും ക്രമക്കേടുകൾക്കും കാരണമാകുന്നുണ്ടെന്നു ഗവൺമെൻറിനു് അറിയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൪൩.

(ബി) അറിവില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: മുന്നുകൊല്ലത്തിൽ കൂടുതൽ പാവ്വത്യകാരന്മാർ ഒരേ സ്ഥലത്തുതന്നെ തുടരുന്നതുകൊണ്ടു് അവരെപ്പറ്റി പരാതി ഉണ്ടെന്നുള്ള സംഗതി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: പരാതി ഉണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: നേരിട്ടു അന്വേഷണം നടത്തുമോ?

ശ്രീ. എ. ജെ. ജാൺ: പരാതി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ അന്വേഷിക്കാം.

ശ്രീ. പി. നാണു: ൪൩ പേരെയും ഒരേ സ്ഥലത്തുതന്നെ അതായതു അവർ ഇരിക്കുന്ന സ്ഥലത്തുതന്നെ പിന്നെയും വച്ചുകൊണ്ടിരിക്കുന്നതിനു് പ്രത്യേക കാരണങ്ങൾ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: പ്രത്യേക കാരണം ഒന്നും ഇല്ല.

ശ്രീ. പി. നാണു: മുന്നുകൊല്ലം കഴിഞ്ഞാൽ അവരെസ്ഥലം മാറ്റണമെന്നു് സർക്കുലർ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

മെഡിക്കൽ കൗൺസിൽ

*൯൯. ഫ. (൪൬) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു ഇപ്പോൾ മെഡിക്കൽ കൗൺസിൽ ഉണ്ടോ; ഉണ്ടെങ്കിൽ അംഗങ്ങൾ ആരെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൗൺസിലിന്റെ കാലാവധി ഇനി എത്ര കാലത്തേക്കാണ്; പ്രസ്തുത കൗൺസിലിൽ ആയുർവ്വേദവൈദ്യത്തെ പ്രതിനിധീകരിക്കുന്ന എത്രപേരുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ:)

(എ) ഉണ്ട്. പേരുകൾ താഴെ പറയുന്നു.

ഡാക്ടർ ജേക്കബ് തളിയത്ത്
,, എൻ. കൃഷ്ണൻതമ്പി
,, എം. എൻ. കേശവപിള്ള
,, ആർ. കേശവൻനായർ
രാജ്യസേവാനിരത: സി. ഒ. കരുണാകരൻ
ഡാക്ടർ മിസ്സ്. സാറാമ്മജോസഫ്
,, എൻ. കെ. കുറുപ്പ്
,, വി. ആർ. നാരായണൻനായർ
,, മുത്തുക്കുറുപ്പാപിള്ള
റാവുബഹദൂർ കെ. രാമൻതമ്പി
ഡാക്ടർ വി. ഭാർഗ്ഗവൻ
,, വി. പി. കുഞ്ഞൻപിള്ള
,, കെ. എൻ. ഗോപാലൻ വൈദ്യൻ
,, ഡി. അയ്യാളര
,, എ. എം. ക്ലമന്റ്
,, എം. ആർ. ഗോവിന്ദപിള്ള

(ബി) കാലാവധി ഫ്രം ൪ ഫ്രം ഏപ്രിൽ ഫ്രം ൫൭-വരെ.

ശ്രീ. കെ. കുട്ടപ്പൻ: ഇതിൽ ആയുർവ്വേദത്തെ പ്രതിനിധീകരിക്കാൻ എത്ര പേർ ഉണ്ട്.

ശ്രീ. എ. ജെ. ജാൺ: നാലുപേർ ഉണ്ട്; അതായതു് എം. എൻ. കേശവപിള്ള, ഭാർഗ്ഗവൻ, വി. കെ. കുഞ്ഞൻപിള്ള ഗോപാലൻവൈദ്യൻ, ഇവരാണ്.

ശ്രീ. കൃഷ്ണൻഅയ്യപ്പൻ: മെഡിക്കൽ കൗൺസിലിലെ അംഗങ്ങൾ ഡിപ്പാർട്ട്മെന്റിൽ ഉള്ളവരാണോ വെളിയിൽ ഉള്ളവരാണോ?

ശ്രീ. എ. ജെ. ജാൺ: രണ്ടും ഉണ്ട്.

ശ്രീ. വി. കെ. വല്ലീസ്: ഹോമിയോപ്പതിയെ പ്രതിനിധീകരിക്കാൻ ആരെങ്കിലും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: എം. ആർ. ഗോവിന്ദപിള്ള.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: രണ്ടു കൗൺസിലുകൾ അതായതു ആയുർവ്വേദത്തിനു് വേറെ അലോപ്പതിക്കുവേറെ കൗൺസിലുകൾ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഒരു നിവേദനം കിട്ടീട്ടുണ്ട്. അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. എ. താണുപിള്ള: സർ, ഗവൺമെന്റ് റിക്കാർഡുകളിൽ ഇന്നും ഈ രാജ്യസേവാനിരത; മുതലായ സ്ഥാനപേരുകൾ ഉപയോഗിച്ചുവരുന്നുണ്ടോ?

ശ്രീ. എം. ജെ. ജാൺ: ഗവൺമെന്റ് റിക്കാർഡുകളിൽ ഇന്നും അങ്ങനെതന്നെ കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly